2071

# ആത്മഹത്യാക്കുറിപ്പ്

ഈയ്യാംപാറ്റമണം കെട്ടിനിന്ന മുറിയുടെ തേ-
ക്കാത്ത ചുവരിൽ ആരോ എന്തോ കോറിയിരുന്നു.
അപ്പന്റെ കുഴിമാടത്തിലൂടെ അമ്മാമ്മണിയുടെ ഉരുള-
ൻ വക്കം കയറിയിറങ്ങിക്കൊണ്ടിരിക്കുന്നത് ഞാൻ
കണ്ടാരുന്നു. മൂക്കിലോടെ ചോരയും ചലവും ഒലിപ്പിച്ച്
ചാണകം വിണ്ട് പൊളിഞ്ഞ മിറ്റത്ത് കെടന്ന് അ-
പ്പൻ ഉറങ്ങുന്നേരം എന്റെ പാവാടക്ക് മുട്ടിനോളം
ഇറക്കമില്ലായിരുന്നു. എനിക്ക് അയാളെ കണ്ടതായിട്ട്
ഓർമയില്ല. അപ്പൻ ചത്തപ്പം അമ്മേനെ ചേർത്ത്
പിടിച്ചതും എന്റെ നെഞ്ചിലെ കനത്തിന്റെ വണ്ണം
അളന്നതും അയാളാരുന്നു. മിറ്റത്ത് ആരോ മാന്തി-
ട്ട പാട് മായാതെ കെടന്നു. ഇച്ചാച്ചൻ മുറുക്കിത്തു-
പ്പിയ പാടിന്റെ മേലെ വീണ് അതിന്റെ നെറം
കടും ചുവപ്പായി. പിന്നെ കറുപ്പും. അണ്ണായിൽ ഉമിക്ക-
രി ഞെരിഞ്ഞ് കറുത്ത വെളുപ്പായി പെരക്കത്തേക്ക്
ആഞ്ഞ് തുപ്പുമ്പം അപ്പന്റെ കുഴിമാടത്തിന്റെ
അറ്റത്ത് കാട്ടുതക്കാളി വളർന്ന് മുട്ടോളമെത്തിയിരുന്നു.
കടും നീല തക്കാളിപ്പഴം നിക്കറിന്റെ കീശേലേക്ക് പറി-
ച്ചിട്ടപ്പം കുഞ്ഞമ്മാവക്കാരിക്കതില്ലാരുന്നു അത് അപ്പന്റെ
ചോരയാന്ന്, കൃഷ്ണമണീടെ നെറമാന്ന്. കവലേല് കെട-
ന്ന അപ്പന്റെ മുണ്ടിനും കുപ്പായത്തിനും ഞാനിതു-
വരെ കാണാത്ത ചോപ്പാരുന്നു. സഖാവ് ജോസിന്റെ

ചങ്കിന്റെ നേരം. അത്താഴം കുടിക്കുന്നേരം കണ്ണീ-
രോടെ വന്നത് കണ്ണീരാണോ വെറും ഉപ്പാണോ
എന്ന് എനിക്കറിയത്തില്ല. ഓണക്കറീനിന്റെ ഉപ്പുരസ്
മണം കലങ്ങിയ കഞ്ഞിവെള്ളം ചൊടിയിലോട്ട് അടു-
പ്പിക്കുമ്പം ഞാൻ അപ്പന്റെ പടത്തേലോട്ട് നോ-
ക്കി. അപ്പൻ നോക്കണൊണ്ട്, എന്നേം അമ്മച്ചീനേം.
ചേട്ടായി ഇട്ടേച്ചും പോയപ്പം അപ്പന് ഞാനൊണ്ടാര-
ന്നു. അപ്പൻ പോയപ്പം അമ്മച്ചിക്ക് ഞാനൊണ്ട്.
എനിക്കോ? പണ്ടൊക്കെ അപ്പന് നൂറു രൂപാ-
യടിച്ച ലോട്ടറി ടിക്കറ്റ് മെടക്കൊന്റെ അടീന്ന് ഞാനെ-
ടുത്തു. അതിലെ അക്കങ്ങൾക്ക് എന്റെ ജീവനോളം
വലുപ്പമുണ്ടാരുന്നു. എന്റെ അപ്പന്റെ കണ്ണീരിന്റെ ചൂ-
ടൊണ്ടാര്ന്നു. വല്യപ്പച്ചൻ എന്നെ ഇവിടുന്ന് കൂട്ടിക്കൊ-
ണ്ട് പോകുമ്പം പറിഞ്ഞ് പോയ രണ്ട് പല്ലിന്റെ
വെടവീരോടെ എന്റെ നാക്ക് വെളത്തോട്ട് കാണാ-
വരുന്നു. അയാള് വാങ്ങിത്തന്ന നാരങ്ങാ മുട്ടായീ-
ന്റെ കയ്പ്പ് തൊണ്ടേലോട്ട് എറക്കാതെ ഞാൻ
വല്യപ്പച്ചന്റെ കൂടെ കാഞ്ഞിരംപള്ളീലോട്ട് പോയി.
ഇന്നേരം എന്റെ പേൻ പുഴുത്ത തലക്കാത്ത് മരവി-
ച്ച് കേറി. ബസേല് ഞാൻ ഓക്കാനിച്ചു. എന്റെ
അടിത്തിര്ന്ന് കണ്ണ് പൊട്ടുന്ന മഞ്ഞച്ച ദ്രാവകം.
മണീല് കരുത്ത കുത്തൊണ്ടാര്ന്നു. പെറകോട്ട് ഓടിയ
മരത്തിനും നേരം പച്ചയ പുഴുക്കൾക്കും അപ്പു-
റത്ത് എന്റെ അപ്പനൊണ്ടെന്ന് ഓർക്കാനാ

എനിക്കിഷ്ടം. കാഞ്ഞിരപ്പള്ളീല് ബസിറങ്ങിയപ്പഴും
എന്റെ നാക്കില് നാരങ്ങാ മുട്ടായീന്റെ കയ്പൊണ്ടാ-
രുന്നു. ഇന്നിപ്പം എനിക്ക് മുട്ടിറക്കമൊള്ള പാവാടയി-
ല്ല. പല്ല് പോയ വെടവില്ല. അപ്പനില്ലാത്തെടത്ത് അമ്മച്ചി
കുത്തിവച്ച ഒരു കോലമെന്നല്ലാതെ എനിക്കയാളെ
അപ്പാന്ന് വിളിക്കാൻ പറ്റില്ല. അപ്പന്റെ അന്ത്യകൂ-
ദാശക്ക് വാവിട്ട് നെലോളിച്ച എന്റെ അടുത്ത്
അയാള് വന്നപ്പം എനിക്ക് പിന്നെ എറച്ചീടെ
മണം വന്നു. കണ്ണീരിന് ഉപ്പിനൊപ്പം ചവർപ്പുമു-
ണ്ടെന്ന് എന്നെ പഠിപ്പിച്ചത് അയാളാരുന്നു.
തെറിപറഞ്ഞും കെട്ടിപ്പിടിച്ചും അപ്പൻ തന്ന
കൊറെ ദിവസങ്ങൾ എന്നോടന്ന് കരിയാൻ അമ്മച്ചി
എനിക്ക് തന്നതാ പുതിയ അപ്പനെ. ചേട്ടായിക്ക്
അപ്പനെ വേണ്ടാരുന്നു. എവിടെയോ പോയി തെ-
ണ്ട ചേട്ടായി അയച്ച് തരണ പിച്ചക്കാശിന് അ-
പ്പൻ വാങ്ങിത്തരണ കല്ല്പെൻസിലിന്റെ ചോറും
ഇല്ലാരുന്നു. ചേട്ടായി പറഞ്ഞിട്ടാ ഞാ അമ്മാമ്മനെ
അപ്പന്റെ കുഴിമാടത്തിന് മേലേക്കൂടെ ഉരുട്ടാത്.
കയ്പിന്റെ മണവും കറുത്ത നെറവുമൊള്ള ടാറ്
ഉരുക്കിയൊഴിക്കുമ്പം "എന്റെ അപ്പന്" പൊള്ളും.
നൊന്താവും. ഞരമ്പുകളേയോ വെട്ടിക്കീറിയ അപ്പന്റെ
നെഞ്ചിൻകൂടിനാകെത്തോട്ട് ചുടൊറങ്ങുമ്പം പുഴുക്കും
പഴുത്തയും വാകയ്ക്കേണ്ടാകും. നെലത്തിന്റെ നെറം

ഒറക്കുമ്പം നെഞ്ചിനാത്തൊരു ഉറുമ്പ് കടിക്കണ
വേദനയാണ്. കറുത്ത് കടിച്ച ഉറുമ്പ്. എന്റെ ചേട്ടാ-
യീണപോലെ. കുടുംബച്ചനോരം കറപ്പായും വെളുത്തയാളും
എനിക്ക് തോന്നി. കൊഴുമ്പിന്റെ മണമാവൊളു
അപ്പാപ്പന്റെ മുണ്ട് കുത്തിപ്പിഴിയണ നേരം അമ്മ-
മ്മച്ചി നൊലോളിച്ചത് എന്തിനാന്ന് അറിഞ്ഞില്ലാരു-
ന്നു എനിക്ക്. മുറിഞ്ഞാത്ത് ചേട്ടായീടെ ഒച്ച കേട്ടു.
അയൽടെയും. അടിച്ചുവാരും നേരം എവടെന്നോ
കിട്ടിയ കടലാസ് കഷണത്തേല് അപ്പന്റെ പേര്
കണ്ടു. "പരേതനായ ജോസ്." കമ്മ്യൂണിസ്റ്റ്കാരൻ ജോ-
സിനെ വെട്ടിക്കൊന്നിട്ട് പൊറത്തെറങ്ങിനടക്കണ
ഒരുത്തനൊണ്ട്. എന്റെ അമ്മച്ചീടെ കൂടെ കെടക്കണ
ഒരുത്തൻ. എന്റെ വല്യമ്മച്ചീടെ അമ്മാവൻ. പെരുന്നാ-
ത്തിരിക്കണ അൽബത്തിന്റെ ഓരോ താളും
ഞാൻ മറച്ചുനോക്കി. അതിനാത്തിപ്പം എന്റെ
അപ്പനില്ല. അയാളും ഒണ്ടാര്. മിറ്റത്ത്ന്ന് റോസാപ്പൂ
പറിച്ചു. എന്റെ അമ്മച്ചീടെ മുഖത്ത് ഓരോ
അളി വെച്ചുകൊണ്ടിരുന്നു. എന്റെ ഉള്ളിൽ അമ്മച്ചി
ചത്തു. അപ്പനെപ്പോലെയല്ല. കറുത്ത ഉറുമ്പിന്റെ ഉള്ളി-
ന്ന് എന്റെ ഒച്ച കേക്കാത്ത് വരെ എന്റെ
അമ്മച്ചി ഒന്നും മിണ്ടില്ല. കീറിപ്പോയ അപ്പന്റെ
ചിത്രത്തേല് ഒരു തോന്നിച്ച ചിരി അങ്ങനെ
കെടപ്പൊണ്ടാരുന്നു. നേരം ഇരുട്ടകയും വെളുക്കുകയും

ചെയ്യുകൊണ്ടിരുന്നു. കണ്ണീര് തീരണതുവരെ ഞാന് കരഞ്ഞു. അപ്പന്റെ കുഴിമാടത്തിന്റെ മോളീന്ന് കറുത്ത പാറ വേട്ടായി പിക്കാസ്കൊണ്ട് തോണ്ടിക്കു ഉയരണത്‌വരെ. അപ്പന്റെ കുഴിമാടത്തില് തിരി കത്തി. കാണണത്‌വരെ. ആകാശത്തില് തലയിടിച്ചോ ഭൂമീല് കാല് വഴുതിയോ എല്ലാരും ചാകട്ടെ. നാരങ്ങാവിട്ടായി. കൽക്ക് കയ്പ്പും ഉറുമ്പുകടിക്ക് പൊള്ളലും കൂട്ടു-മ്പം എന്നെ ചേർത്ത് പിടിക്കാൻ വേട്ടായിയൊണ്ട്. പേരോ ഊരോ എനിക്കോർമ്മയില്ല. അപ്പനെപ്പറ്റി പറയുമ്പം വേട്ടായി കരയണ്ണ്ട്. കിരീടം കൊണ്ടിക്കോ-ടെ കണ്ണീര് വായിലോട്ട് ഒഴുകുവാ. വേട്ടായിമ്മാരിന്റെ വരും, ചത്തുപോയ എന്റെ അപ്പനെ ഓർത്തിട്ട്. കമ്മ്യൂണിസ്റ്റ്കാരൻ ജോസിനെ ഓർത്തിട്ട്. അന്ന് ഞാൻ ചിരിക്കും. ചിരിയിലെവിടെയോ ഉപ്പു ചുവക്കും. എന്റെ അപ്പന്റെ ചിരി അങ്ങനെയാ . . .